വലിയ വിലയും ആയിട്ടില്ല. ഓരോരുത്തരും അവരവരുടെ കണ്ണിൽക്കൂടിയാണ് കാണുന്നത്, അത്രയേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ലോറി സമരം കഴിഞ്ഞതിനുശേഷം ഞങ്ങളെടുത്ത നടപടി സംബന്ധിച്ചും പച്ചക്കറിക്ക് വിലകൂടാതിരിക്കാനുള്ള കാരണങ്ങൾ സംബന്ധിച്ചും ഈ സഭയിൽ വിശദീകരിച്ചതാണ്. പിന്നെ പച്ചക്കറികളിൽ കൂടുതൽ കീടനാശിനികൾ വരുന്നതുകൊണ്ടാണ് ഇപ്പോൾ പ്രധാനമായും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം നമ്പർ 213.

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

*3 [213] ശ്രീ. സി. മോയിൻകുട്ടി:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റാളുകളിലും കടകളിലും കിട്ടുന്ന സാധനങ്ങളുടെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള സാധനങ്ങൾ മാർജിൻ ഫ്രീ മാർക്കറ്റുകളിൽ ലഭ്യമാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗുണമേൻമയുള്ള സാധനങ്ങൾ വില കുറച്ച് വിൽക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത കാരണങ്ങൾ ഒഴിവാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള സാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ,

(എ) ഇല്ല.

(ബി, സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗുണമേന്മയുള്ള സാധനങ്ങൾ പൊതുവിപണിയിലുള്ളതിനേക്കാൾ വില കുറച്ച് വില്പന നടത്തുന്നതിന് സാധിക്കുന്നില്ല എന്നു പറയുന്നത് വസ്തുതാവിരുദ്ധമാണ്. കോർപ്പറേഷനുമാത്രമേ ഗുണമേന്മയുള്ള സാധനങ്ങൾ ഇത്ര കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നുള്ളൂ. എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വളരെ കുറഞ്ഞവിലയ്ക്കാണ് കോർപ്പറേഷന്റെ വില്പനശാലകൾ വഴി വിറ്റഴിക്കുന്നത്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. മോയിൻ കുട്ടി: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റാളുകളിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മാർജിൻ ഫ്രീ സ്റ്റാളുകളിൽ നിന്നും സാധനങ്ങൾ ലഭ്യമാകുന്നു എന്ന വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടില്ല എന്ന് അങ്ങുപറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ചോദ്യം മാർജിൻ ഫ്രീ സ്റ്റാളുകൾ വമ്പിച്ച തോതിൽ പരസ്യങ്ങളും അതുപോലെതന്നെ പ്രോത്സാഹന സമ്മാനങ്ങളും നല്കി ജനങ്ങളെ ആകർഷിക്കുകയാണ്. ഇത് മറികടക്കുന്നതിനുവേണ്ടി സേവനം എന്നതിനുപകരം ഒരു ബിസിനസ് എന്നുള്ള നിലയിൽ എന്തെങ്കിലും സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ, അങ്ങനെയെന്തെങ്കിലുമുണ്ടാകുമോ?

ശ്രീ. ജി. കാർത്തികേയൻ: അത്തരമൊരു സമീപനം ഗവൺമെന്റിനുള്ളതു കൊണ്ടാണ് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റുവരവിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുള്ളത്. ഒരു കണക്കിന് അദ്ദേഹത്തിന്റെ ചോദ്യം ദുരുദ്ദേശപരമല്ലെങ്കിൽപ്പോലും ആ ചോദ്യം നിർഭാഗ്യകരമായിപ്പോയി. കേരളത്തിലെ ഓപ്പൺ മാർക്കറ്റിൽ മാർജിൻ ഫ്രീ മാർക്കറ്റുകൾ എന്നു പറയുന്നത് ശുദ്ധ തട്ടിപ്പാണ്. ഈ ചോദ്യം വന്നതിനുശേഷമുള്ള വിലവിവരപ്പട്ടിക എന്റെ കൈയിലുണ്ട്. മാർജിൻ ഫ്രീ മാർക്കറ്റുകൾ രണ്ടെണ്ണമാണ്, 1. Consumer Protection and Guidance Society, 2. Consumer Guidance Society. ചെറുപയറിന് മാവേലി സ്റ്റോറിൽ വില 22 രൂപ, Consumer Protection and Guidance Society -യിലെ വില 28 രൂപ, Margin Free Market-ലെ വില 27 രൂപ. ഉഴുന്നുപരിപ്പിന് മാവേലി സ്റ്റോറിലെ വില 20 രൂപ, Margin Free Market-ൽ ഒന്നിലെ വില 28 രൂപ 77 പൈസ, മറ്റൊന്നിലെ വില 26 രൂപ 64 പൈസ. ഇങ്ങനെ ഓരോന്നും നോക്കുമ്പോൾ പ്രകടമായ വ്യത്യാസമുണ്ട്. ഇവിടെ സമയക്കുറവുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. മാർജിൻ ഫ്രീ മാർക്കറ്റിൽ വിൽക്കുന്ന സാധനങ്ങൾക്ക് ഗുണനിലവാരമില്ലെന്നു മാത്രമല്ല, പലതും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അതുസംബന്ധിച്ച ഓരോ സാധനങ്ങളുടേയും Analysis Report എന്റെ കൈയിലുണ്ട്. .....(ബഹളം)..... മാർജിൻ ഫ്രീ മാർക്കറ്റുകൾ നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിൽ കണ്ടെത്തിയാൽ തീർച്ചയായും അതുസംബന്ധിച്ച് പരിശോധിക്കണം, അല്ലാതെ എങ്ങനെയാണ് നിരോധിക്കാൻ സാധിക്കുന്നത്?

മി. സ്പീക്കർ: ഈ മാർജിൻ ഫ്രീ ഷോപ്പ് ഗവൺമെന്റിന്റെ അനുവാദത്തോടുകൂടിയാണോ തുടങ്ങുന്നത്?

ശ്രീ. ജി. കാർത്തികേയൻ: അല്ല.

മി. സ്പീക്കർ: അപ്പോൾ ആർക്കുവേണമെങ്കിലും മാർജിൻ ഫ്രീ ഷോപ്പ് തുടങ്ങാമോ?

ശ്രീ. ജി. കാർത്തികേയൻ: അതെ, ആർക്കും തുടങ്ങാം. മഞ്ഞ പെയിന്റടിച്ചിട്ട് അതിന് മാർജിൻ ഫ്രീ എന്നു പേരുകൊടുക്കുന്നു. ഇന്ന് കേരളത്തിൽ ഏറ്റവുമധികം ചെലവഴിക്കുന്ന രാജസ്ഥാനിൽ നിന്നും വരുന്ന മാർബിളിനുപോലും ഇവിടെ മാർജിൻ ഫ്രീ മാർക്കറ്റുകളുണ്ട്.....(ബഹളം).....

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി എന്റെ ചോദ്യം തെറ്റിദ്ധരിച്ചോ എന്നെനിക്കു സംശയമുണ്ട്. ഞാൻ പറഞ്ഞുവന്നതും അതാണ്. മാർജിൻ ഫ്രീ മാർക്കറ്റുകൾ വമ്പിച്ച രീതിയിൽ പരസ്യങ്ങളിലൂടെയും പ്രോൽസാഹന സമ്മാനങ്ങളിലൂടെയും മറ്റും ജനങ്ങളെ ആകർഷിക്കുമ്പോൾ അതു മുറിച്ചു കടക്കാൻ വല്ല പദ്ധതിയും ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. നിത്യോപയോഗ സാധനങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

മൂവിംഗായിട്ടുള്ള ഐറ്റംസ് പലപ്പോഴും മാർക്കറ്റിൽ ഇല്ലാതെ വരുന്നുണ്ട്. അതു യഥാസമയം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. മൂവിംഗായിട്ടുള്ള ഐറ്റംസ് യഥാസമയം എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നു ഉറപ്പുവരുത്തുമോ എന്നുള്ളതാണ് എന്റെ രണ്ടാമത്തെ ചോദ്യം.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം അത്യാവശ്യമുള്ള സാധനങ്ങൾ സമയത്ത് എത്തുന്നില്ലെങ്കിൽ ഗവൺമെന്റ് അക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ഉണ്ടാക്കണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. 197 പഞ്ചായത്തുകളിൽ മാത്രമാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ ഇല്ലാത്തത്. നൂറു ലാഭ മാർക്കറ്റുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. മൊബൈൽ മാവേലി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, പെട്രോൾ ബങ്കുകൾ, L.P.G. outlets അങ്ങനെ ഗവൺമെന്റിനു സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ മാർജിൻ ഫ്രീ മാർക്കറ്റുകൾ പരസ്യങ്ങളിൽക്കൂടി നിലനിർത്തുന്ന, കച്ചവടത്തിൽക്കൂടി കുതന്ത്രം നിലനിർത്തുന്ന ഈ സംവിധാനത്തെ എങ്ങനെ നേരിടാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം

*4 [214] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. സി. ജോർജ്:
,, കെ. വി. കുഞ്ഞിരാമൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ ഗുണനിലവാരമില്ലാത്തതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണ്;

(സി) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്താറുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം പരിശോധന നടത്തിയതിൽ ഏതെല്ലാം രാസവസ്തുക്കൾ പാലിൽ കലർത്തിയിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) പാലിൽ വ്യാപകമായി മായം കലരുന്നുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly